# സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ

# സഭാ വികസന ഫണ്ട്

## 2022 ഏപ്രിൽ 24 ഞായർ

**പിരിഞ്ഞുകിട്ടേണ്ട തുക:- ഇരുപത്തിയഞ്ചു ലക്ഷം (25,00,000/-) രൂപ**

**ബഹുമാനപ്പെട്ട എല്ലാ ഇടവകകളിലേക്കും പട്ടക്കാർക്കും,**

കർത്താവിൽ പ്രിയരെ,

ദൈവത്തിന്റെ അളവറ്റ കൃപയാൽ ലോകം കോവിഡ്-19 ന്റെ ഭീഷണിയിൽ നിന്നും വിടുതൽ പ്രാപിച്ചു വരുന്നു. ജീവനോടിരിക്കുന്ന നമുക്ക് ദൈവത്തെ സ്തുതിക്കാം, തിരുഹിതം തിരിച്ചറിഞ്ഞ് ജീവിക്കുവാൻ നമ്മെ സമർപ്പിക്കാം.

സഭയായി കഴിഞ്ഞ 61 വർഷം അത്ഭുതകരമായി നമ്മെ വഴി നടത്തിയ ദൈവത്തിന് സ്തോത്രം. പരിമിതമായ സൗകര്യങ്ങളോടെ തുടങ്ങിയ നമ്മുടെ സഭയുടെ പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിച്ച് അതിർ വിസ്താര മാക്കിക്കൊണ്ടിരിക്കുന്നു. കോവിഡ് കാലത്തും സഭയുടെ ആത്മീകവും ഭൗതീകവുമായ ആവശ്യങ്ങളൊന്നും മുട ങ്ങാതെ കർത്താവ് അത്ഭുതകരമായി നടത്തി തന്നു. നല്ല ആലയങ്ങളും പാഴ്സണേജുകളും നമുക്ക് ഉണ്ടാകുന്ന തിനും സൗകര്യങ്ങൾ വർദ്ധിക്കുന്നതിനും ദൈവജനം ആത്മാർത്ഥമായി സഹായിച്ചു. ഏവരേയും കർത്താവ് അനു ഗ്രഹിക്കട്ടെ.

ആദ്യകാലങ്ങളിൽ പണിത ആലയങ്ങൾ പലതും കാലപ്പഴക്കത്തിൽ ജീർണ്ണിച്ചതും, വിസ്താരം കുറഞ്ഞതും, ആരാധന, വിവാഹം തുടങ്ങിയ ശുശ്രൂഷകൾക്ക് അപര്യാപ്തവുമായി തീർന്നതിനാൽ പുതുക്കി പണിയേണ്ടതായി വരുന്നു. പ്രാദേശികമായി പ്രവർത്തകരെ താമസിപ്പിച്ച് ശുശ്രൂഷ കൂടുതൽ പ്രയോജനകരമാക്കുന്നതിലേക്ക് പാഴ്സ നേജുകൾ, മിഷൻ വീടുകൾ, സേവിനി മന്ദിരങ്ങൾ ഇവ പണിയുന്നതിനും ഡയോസിസുകൾ കേന്ദ്രീകരിച്ചുള്ള മറ്റ് വികസന ആവശ്യങ്ങൾക്കും ധാരാളം പണം ഇനിയും ആവശ്യമായിരിക്കുന്നു.

അംഗസംഖ്യയിൽ കുറവുള്ള നമ്മുടെ സഭയുടെ പല ഇടവകകളിലും, ഈ കാലങ്ങളിൽ ആകർഷകമായ നിലയിൽ മനോഹരമായ ആലയങ്ങൾ പണിയുവാൻ ഇടയായത് ദൈവകൃപയും, പരസ്പരസഹകരണവും, കൈ തുറന്നുള്ള സഹായങ്ങളും, ജനങ്ങളുടെ ഉത്സാഹവും, മുട്ടിപ്പായ പ്രാർത്ഥനയും കൊണ്ടു മാത്രമാണ്.

സാമ്പത്തികശേഷി കുറഞ്ഞ ഇടവകകളിൽ നിന്നും, പള്ളിക്ക് സ്ഥലം വാങ്ങുന്നതിനും ശ്മശാന സ്ഥലം വാങ്ങുന്നതിനും ആരാധനാലയങ്ങൾ പണിയുന്നതിനും ധാരാളം സഹായ അഭ്യർത്ഥനകൾ സഭാ കൗൺസിലിന്റെ മുമ്പാകെ ലഭിക്കാറുണ്ട്. ഈ ആവശ്യത്തിലേക്ക് സഭയ്ക്ക് പ്രത്യേകമായ വരുമാനമാർഗ്ഗങ്ങൾ ഒന്നുമില്ലാത്തതിനാൽ പ്രാദേശിക ഇടവകകളുടെയും മിഷൻ ഫീൽഡുകളുടെയും വികസന ആവശ്യത്തിലേക്ക് ലോൺ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനാണ് വികസനഫണ്ട് (Development Fund) നാം ശേഖരിക്കുന്നത്.

ഈ ഇനത്തിൽ ലഭിക്കുന്ന തുക പല വികസന ആവശ്യങ്ങൾക്കായി സഭാ കൗൺസിലിന്റെ ആലോചന യോടെ ലോണായും ഗ്രാന്റായും നൽകി വരുന്നു. മറ്റനേക സഹായ അഭ്യർത്ഥനകൾ വേണ്ടും വിധം പരിഗണിക്കാൻ സാധിക്കാതെ സഭാ കൗൺസിലിന്റെ മുൻപിലുണ്ട്. ഈ പ്രത്യേക ഫണ്ടിൽ നിന്നും ചെറുതെങ്കിലും അത്യാവശ്യ ഘട്ടത്തിൽ സഹായം ലഭിച്ച പല ഇടവകകൾ നമ്മുടെ സഭയിലുണ്ട്. അപ്രകാരമുള്ള ഇടവകകൾ ഈ കാര്യവും സ്മരിക്കുമല്ലൊ.

ഇടവക പ്രതിനിധിസഭാംഗങ്ങളെയാണ് ഈ വർഷവും സഭാ വികസന ഫണ്ട് പിരിവിനായി നിയമിച്ചിരിക്കു ന്നത്. ബഹു. പ്രതിനിധി സഭാംഗങ്ങൾ ഈ ആവശ്യത്തിന് ഇടവക ജനങ്ങളെ സമീപിക്കുമ്പോൾ ഏവരും അവരോട് പരമാവധി സഹകരിക്കണമേ. *(ഏതെങ്കിലും ഇടവകയിൽനിന്നും പ്രതിനിധിസഭാംഗം ഇല്ല എങ്കിൽ ഇടവക ചുമതല ക്കാർ ടി പിരിവ് നടത്തി സഹായിക്കേണമേ).* കോവിഡ്-19 മൂലം കഴിഞ്ഞ സാമ്പത്തിക വർഷം ഈ പിരിവ് വേണ്ട വിധം നടത്തുന്നതിനോ ഉദ്ദേശിച്ച തുക സമാഹരിക്കുന്നതിനോ സാധിച്ചില്ല. ആയതിനാൽ ഈ വർഷത്തെ പിരിവിന് ഏവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദൈവമായ കർത്താവ് നമ്മുടെ സഭയെയും പ്രവർത്തനങ്ങളെയും സഭാജനങ്ങളെയും അനുഗ്രഹിക്കട്ടെ.

കർതൃശുശ്രൂഷയിൽ,

*തിരുവല്ല*
*സഭാ ആഫീസിൽ നിന്നും*
*30-03-2022*

**റവ. ഏബ്രഹാം ജോർജ്ജ്**
സഭാ സെക്രട്ടറി